**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- ഹയർ സെക്കൻഡറി - 2019-20 അധ്യയന വർഷം ഹയർ സെക്കൻഡറി കോഴ്സ് അനുവദിച്ച് പ്രവർത്തനമാരംഭിച്ച കണ്ണൂർ ആറളം ഫാം ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ ഒരു പ്രിൻസിപ്പൽ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എൻ) വകുപ്പ്**

**സ.ഉ.(കൈ) നം.126/2021/പൊ.വി.വ** തീയതി, തിരുവനന്തപുരം, 26/02/2021

---

പരാമർശം:- 1) സ.ഉ(എം.എസ്) നം.13/2019/പൊവിവ തീയതി 28.01.2019

2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01.02.2021 ലെ എ.സി.ഡി.സി3/104865/2018/എച്ച്.എസ്.ഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം കണ്ണൂർ ആറളം ഫാമിലെ ഗവൺമെന്റ് ഹൈസ്കൂളിൽ 2019-20 അധ്യയന വർഷം മുതൽ ഹ്യുമാനിറ്റീസ് (കോഴ്സ് കോഡ് നം.10), കൊമേഴ്സ് (കോഴ്സ് കോഡ് നം.39) ബാച്ചുകൾ ഉൾപ്പെട്ട ഹയർ സെക്കൻഡറി കോഴ്സ് ആരംഭിക്കുന്നതിന് അനുമതി നല്കുകയുണ്ടായി. പട്ടിക വർഗ പുനരധിവാസ മേഖലയിൽ സ്ഥിതി ചെയ്യുന്ന കണ്ണൂർ ആറളം ഫാം ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ ഓൺലൈൻ ക്ലാസ്സിന് മേൽ നോട്ടം വഹിക്കുന്നതിന് നിലവിൽ അധ്യാപകരില്ലാത്ത സാഹചര്യത്തിൽ ടി സ്കൂളിന്റെ സവിശേഷ സാഹചര്യം പരിഗണിച്ച് ഒരു പ്രിൻസിപ്പൽ തസ്തിക അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചു.

2. പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2019-20 അധ്യയന വർഷം ഹയർ സെക്കൻഡറി കോഴ്സ് അനുവദിച്ച് പ്രവർത്തനമാരംഭിച്ച കണ്ണൂർ ആറളം ഫാം ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ ഒരു പ്രിൻസിപ്പൽ തസ്തിക (45800-89000) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് [ഇനം 4828 നമ്പർ തീയതി 24.02.2021 ]
ധനകാര്യ വകുപ്പ് [നം.ഇഡിഎൻ. ബി1/64/2021-ഫിൻ തീയതി 13.02.2021]
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

4828

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നംപർ | : | എൻ2/242/2020/പൊ.വി.വ |
| 2 | വകുപ്പ് | : | പൊതുവിദ്യാഭ്യാസ(എൻ)വകുപ്പ് |
| 3 | വിഷയം. | : | 2019-20 അധ്യയന വർഷം ഹയർ സെക്കൻഡറി കോഴ്സ് അനുവദിച്ച് പ്രവർത്തനമാരംഭിച്ച കണ്ണൂർ ആറളം ഫാം ഗവ:ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രിൻസിപ്പൾ തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21/02/2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, | | അതെ, ഉണ്ട്. |
| | (ii) ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ലോല. പി. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എ. ഷാജഹാൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22.02.201 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ: വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.02.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23.02.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23.02.2021 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നംപരും തീയതിയും | | |

Scanned by CamScanner

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

2019-20 അധ്യയന വർഷം ഹയർ സെക്കൻഡറി കോഴ്സ് അനുവദിച്ച് പ്രവർത്തനമാരംഭിച്ച കണ്ണൂർ ആറളം ഫാം ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ ഒരു പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. സ.ഉ(എം.എസ്)നം.13/2019/പൊവിവ തീയതി 28.01.2019 പ്രകാരം കണ്ണൂർ ആറളം ഫാമിലെ ഗവൺമെന്റ് എച്ച്.എസ്.എസ് - ൽ 2019-20 അക്കാദമിക വർഷം ഹ്യുമാനിറ്റീസ് (കോഡ് നം.10),കൊമേഴ്സ് (കോഡ് നം.39) ബാച്ചുകൾ അനുവദിക്കുകയുണ്ടായി. ടി ബാച്ചുകളിലേയ്ക്കായി 3 എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയും 7 എച്ച്.എസ്.എസ്.റ്റി തസ്തികയും 1 പ്രിൻസിപ്പൽ തസ്തികയും ഉൾപ്പടെ 11 തസ്തികകൾ അനുവദിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

3. എന്നാൽ അധ്യാപകർ അധികമായുള്ള സ്കൂളുകളിൽ നിന്നും ആറളം ഫാം ഗവൺമെന്റ് എച്ച്.എസ്.എസ്-ൽ തസ്തികകൾ പുന:വിന്യസിക്കുന്ന കാര്യം പരിശോധിക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കുകയുണ്ടായി. തുടർന്ന്, പട്ടിക വർഗ പുനരധിവാസ മേഖലയായ കണ്ണൂർ ആറളം ഫാം ഗവ.എച്ച്.എസ്.എസ് -ൽ ഓൺലൈൻ ക്ലാസ്സിന് മേൽ നോട്ടം വഹിക്കുന്നതിനും നിലവിൽ അധ്യാപകരില്ലാത്ത സാഹചര്യത്തിൽ ടി സ്കൂളിന്റെ സവിശേഷ സാഹചര്യം പരിഗണിച്ച് ഒരു പ്രിൻസിപ്പൽ തസ്തിക അനുവദിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചു. ആയതിന് 6,59,520/- രൂപയുടെ സാമ്പത്തിക ബാധ്യതയുള്ളതായും അറിയിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രസ്തുത പ്രൊപ്പോസൽ ശിപാർശ ചെയ്ത് ഫയൽ ധനകാര്യ വകുപ്പിലേയക്ക് അയച്ചപ്പോൾ ആ വകുപ്പ് വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി ഫയൽ മടക്കി നൽകി;

*"കണ്ണൂർ ആറളം ഫാം ഗവൺമെന്റ് എച്ച്.എസ്.എസ് - ൽ 2019-2020 ൽ അനുവദിച്ച ഹയർസെക്കൻഡറി ബാച്ചിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു പ്രിൻസിപ്പാൾ(45800-87000) തസ്തിക അനുവദിക്കുന്നു.*
*ഈ തീരുമാനത്തിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

4. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ആറളം ഫാം ഗവൺമെന്റ് എച്ച്.എസ്.എസ് - ൽ 2019-2020 ൽ അനുവദിച്ച ഹയർസെക്കൻഡറി ബാച്ചുകളുടെ സുഗമമായ പ്രവർത്തനത്തിനായി ഒരു പ്രിൻസിപ്പൽ തസ്തിക

Scanned by CamScanner

Ft. Edn (N) Sec

അനുവദിക്കാമോയെന്നതിൽ ഉത്തരവിനായി ഫയൽ സർക്കുലേറ്റ് ചെയ്തപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു: മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട സംഗതി**

ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം 2019-20 അധ്യയന വർഷം ഹയർ സെക്കൻഡറി കോഴ്സ് അനുവദിച്ച് പ്രവർത്തനമാരംഭിച്ച കണ്ണൂർ ആറളം ഫാം ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ ഒരു പ്രിൻസിപ്പൽ( 45800-89000) തസ്തിക സൃഷ്ടിക്കാമോ ?

Scanned by CamScanner

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 24-02-2021

ഫയൽ നം. എൻ2/242/2020/പൊ.വി.വ. ഇനം നം: 4828

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - 2019-20 അധ്യയന വർഷം ഹയർ സെക്കൻഡറി കോഴ്സ് അനുവദിച്ച് പ്രവർത്തനമാരംഭിച്ച കണ്ണൂർ ആറളം ഫാം ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

Scanned by CamScanner